## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 990 6.6.2018-ൽ മറുപടിയ്ക്ക്

**<u>കോഴിയിറച്ചിയുടെ വില വർദ്ധനവ്</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.റോജി എം. ജോൺ | | **അഡ്വ.കെ.രാജു (വനം,മൃഗസംരക്ഷണം ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി)** |
| എ) | കോഴിയിറച്ചിയുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | കോഴിയിറച്ചിയുടെ വില പിടിച്ച് നിർത്തുന്നതിനും, സർക്കാർ നിയന്ത്രണത്തിൽ കോഴിക്കടകൾ ആരംഭിക്കുന്നതിനും ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | ബി) | കോഴിയിറച്ചിയുടെ വില നിയന്ത്രിക്കുന്നതിനുവേണ്ടി ആഭ്യന്തര ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കാൻ, മൃഗസംരക്ഷണ വകുപ്പ് കുടുംബശ്രീ-കെപ്കോ കോഴിവളർത്തൽ പദ്ധതി, കോൺട്രാക്ട് ഫാമിംഗ് തുടങ്ങിയ പദ്ധതികൾ കെപ്കോ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മിതമായ നിരക്കിൽ മേൽത്തരം കോഴിയിറച്ചി ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനുവേണ്ടി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ കെപ്കോ വിപണന ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. കെപ്കോ ഏജൻസികൾ മറ്റ് ജില്ലകളിലും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | ഏതൊക്കെ ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ? | സി) | മൃഗസംരക്ഷണ വകുപ്പും കുടുംബശ്രീയും കോൺട്രാക്ട് ഫാമിംഗിലൂടെയും പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ